"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പയുടെ പലിശ 2 ഗഡുക്കളായി നൽകുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ ഒന്നാം ഗഡു അനുവദിച്ച ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(കൈ) നം.58/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 31/03/2020**

---

പരാമർശം:- 1. 11/10/2019-ലെ സ.ഉ(കൈ)124/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ 13.2.2020-ലെ സഹ.ബി2/695/2017/സഹ നം അർദ്ധ ഔദ്യോഗിക കത്ത്.

**<u>ഉത്തരവ്</u>**

ഇ.എം.എസ് ഭവന പദ്ധതിക്ക് വേണ്ടി വിവിധ സഹകരണ ബാങ്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വായ്പയുടെ പലിശ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുന്നതിനായി 58.24 കോടി രൂപ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

31/03/2019 വരെയുള്ള കണക്ക് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് 97.59 കോടി രൂപയുടെ പലിശ്ശ കുടിശ്ശികയുണ്ടെന്നും ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച് കേരള ബാങ്ക് നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ബാലൻസ് ഷീറ്റിലെ NPA കുറക്കുന്നതിനുള്ള നടപടികൾ അവലംബിച്ചുവരികയാണെന്നും ഇഎംഎസ് ഭവന പദ്ധതിയിലെ പലിശ്ശ കുടിശ്ശിക **N P A** ആയി കണക്കാക്കിയിട്ടുള്ളതുമൂലം ടി തുകക്ക് പ്രൊവിഷൻ വയ്ക്കുന്നതിന് നിർബന്ധിതമായിരിക്കുകയാണെന്നും ഈ സാഹചര്യത്തിൽ ടി ബാധ്യത തീർക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകേണ്ടതുണ്ട് എന്നും സഹകരണ വകുപ്പിൽ നിന്ന് പരാമർശം (2) പ്രകാരം ലഭ്യമായ അർദ്ധ ഔദ്യോഗിക കത്തിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി അലോട്ട് ചെയ്ത ടി തുക **PACS** കൾക്കും, **DCB** കൾക്കും തുല്യ നിലയിൽ വിതരണം ചെയ്യുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത് എന്നും അങ്ങനെയായാൽ സംസ്ഥാന സഹകരണ ബാങ്കിന്റെ പലിശ കുടിശ്ശിക ലഭിക്കാതെവരുമെന്നും ആയത് സംസ്ഥാന സഹകരണ ബാങ്കിന്റെ എൻപിഎയിൽ വിഷമതകൾ സൃഷ്ടിക്കുമെന്നും അതിനാൽ 11/10/2019-ലെ ഉത്തരവ് മുഖേന അനുവദിച്ച തുക ജില്ലാ സഹകരണ ബാങ്കുകളുടെ പലിശ കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനു വേണ്ടി മാത്രം വിനിയോഗിക്കുന്നതിനായി 11/10/2019-ലെ ഉത്തരവ് പുന:പരിശോധിക്കണമെന്നും ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും

പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

**സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.** ഇ.എം.എസ് ഭവന പദ്ധതിക്ക് വേണ്ടി വിവിധ സഹകരണ ബാങ്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വായ്പയുടെ പലിശ ബാങ്കുകൾക്ക് അനുവദിക്കുന്നതിനായി പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച **58.24** കോടി രൂപയിൽ PACS ന് ഇതിനകം നൽകിയ തുക കഴിച്ച് ബാക്കി വരുന്ന തുക ജില്ലാ സഹകരണ ബാങ്കുകളുടെ പലിശ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനുവേണ്ടി മാത്രം വിനിയോഗിക്കുന്നതിനായുള്ള നിർദേശം പഞ്ചായത്ത് നഗരകാര്യ ഡയറക്ടർമാർക്കും ഗ്രാമ വികസന കമ്മീഷണർക്കും നൽകികൊണ്ട് സർക്കാർ ഉത്തരവാകുന്നു.

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി എ-യ്ക്ക്.